## വികാരിയുടെ കത്ത്

# വിശുദ്ധിയുടെ നിറവിൽ

ഫാദർ ജിജു വർഗീസ്



എന്തുകൊണ്ടും വിശുദ്ധിയുടെ നിറവിലാണ് നാം ഇപ്പോൾ. ആരാധനാവർഷത്തിലെ പുതിയ കാലത്തിലേക്ക് പ്രവേശിക്കുകയാണ്. ഒക്ടോബർ 30 ഞായറാഴ്ച "കൂദോശ് ഈത്തോ" അതായത് സഭയുടെ ശുദ്ധീകരണം. നവംബർ 6, ഞായറാഴ്ച "ഹൂദോസ് ഈത്തോ". അതായത് ശുദ്ധീകരിക്കപ്പെട്ട സഭയുടെ പ്രതിഷ്ഠയാണിത്. സഭാമക്കളെ സംബന്ധിച്ചിടത്തോളം ശുദ്ധീകരിക്കപ്പെട്ട്, ദൈവകരങ്ങളിൽ സമർപ്പിക്കപ്പെടേണ്ട നാളുകളാണിത്. അതോടൊപ്പം, വ്രതശുദ്ധിയിൽ പുണ്യജീവിതം നയിച്ച്, ജീവിതത്തെ ത്യാഗമാക്കി രൂപാന്തരപ്പെടുത്തുകയും, ദൈവത്തിനായി സമർപ്പിക്കുകയും ചെയ്ത ഒരു പരിശുദ്ധന്റെ ഓർമ്മപ്പെരുന്നാൾ നാം കൊണ്ടാടുകയുമാണ്. പരിശുദ്ധ പരുമല തിരുമേനി ഒരു തീർത്ഥാടകനായിരുന്നു. പ്രാർത്ഥനയിലൂടെയും, ഉപവാസത്തിലൂടെയും സൽക്കർമ്മങ്ങളിലൂടെയും, യഥാർത്ഥമായ മാതൃക നമുക്കു കാട്ടിത്തന്ന്, നമുക്ക് മുമ്പേ ദൈവസന്നിധിയിലേക്ക് നടന്നു നീങ്ങിയ ഒരു വിശുദ്ധൻ.

പരിശുദ്ധ പരുമല തിരുമേനിയെപ്പോലെ നമ്മളും തീർത്ഥാടനം നടത്തുന്നു. എന്നാൽ അതിനുവേണ്ട ദൈവസമർപ്പണം നമുക്ക് ഉണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ദൈവസന്നിധിയിൽ എത്താൻ വിശുദ്ധരുടെ ജീവിതവും, മാതൃകയും നമ്മെ തുണയ്ക്കുന്നു.

സാഹിത്യാചാര്യനായ ഡോ. സുകുമാർ അഴീക്കോട് ഒരിക്കൽ പറഞ്ഞു. "പരുമല തിരുമേനി, പരിമള തിരുമേനിയാണെന്ന്". ഈ വാഗ്മിത പ്രസ്താവന വിരൽചൂണ്ടുന്നത്, ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ ഉൾക്കാമ്പിലേക്കാണ്. ഓരോ സഭാ വിശ്വാസിയും പരിമളവാസനയായി തീരണം.

ക്രിസ്തീയ വീക്ഷണത്തിൽ, വിശുദ്ധിയുടെ പ്രാഗ്‌രൂപം യേശുക്രിസ്തുവാണ്. യേശുക്രിസ്തുവിൽ, ദൈവസാന്നിദ്ധ്യം, അതിന്റെ പൂർണ്ണതയിൽ നാം കണ്ടെത്തുന്നു.

ഗ്രീക്കുഭാഷയിൽ, വിശുദ്ധിയെകുറിക്കുന്ന പദമാണ് "ഹഗിയോസ്" എന്നുള്ളത്. അതുപോലെ മറ്റൊരു പദമാണ് "ഹോസിയോസ് " എന്നുള്ളതും. ഇതിന്റെ അർത്ഥം, ദൈവത്തോട് സാദൃശ്യപ്പെടുക എന്നാണ്. ദൈവസാദൃശ്യത്തിന്റെ പ്രതിരൂപമായ യേശുക്രിസ്തുവിനോട് സാദൃശ്യപ്പെടുകയാണ്, വിശുദ്ധിയുടെ ഉള്ളടക്കം. പരിശുദ്ധ പരുമല തിരുമേനി വിശുദ്ധനായത്, അദ്ദേഹത്തിൽ കാണപ്പെടുന്ന ദൈവാനുഭവമാണ്. തിരുമേനിയുടെ ജീവിതത്തെയും, ദർശനത്തെയും, നമ്മൾ അനുകരിക്കാൻ ശ്രമിക്കുമ്പോൾ മാത്രമെ ആ വിശുദ്ധന്റെ അനുഗ്രഹം നമുക്ക് പൂർണ്ണമായി ലഭിക്കുകയുള്ളൂ. പരിശുദ്ധ പരുമല തിരുമേനി കാലംചെയ്തശേഷം, 114 വർഷങ്ങൾ പിന്നിടുമ്പോൾ, ആ വിശുദ്ധന്റെ ജീവിതമാതൃകയും, പ്രബോധനവും, അജപാലനവും, പ്രാർത്ഥന ജീവിതവും നിത്യപ്രചോദനമായി നമ്മിലും അവശേഷിക്കണം.

കൂടാതെ നമ്മുടെ ഇടവകയെ സംബന്ധിച്ചു ഒരു പുതിയ ഉൾക്കാഴ്ച നമുക്ക് ഉണ്ടാകണം. നവതി പൂർത്തീകരിച്ച്, ശതാബ്ദിയിലേക്കുള്ള നമ്മുടെ പ്രയാണം ആരംഭിച്ചിരിക്കുകയാണ്. നാളിതുവരെ നമ്മെ, കാത്തുസൂക്ഷിച്ച് പരിപാലിച്ച ദൈവത്തെ സ്തുതിക്കുന്നതോടൊപ്പം, ഭാവിയെകുറിച്ചുള്ള ചിന്തകൾ നമ്മെ ധന്യമാക്കണം. "Vision-2026" അതിനെക്കുറിച്ചുള്ള നല്ല സ്വപ്നങ്ങൾ കാണണം. 2026 ആകുമ്പോൾ നാം എങ്ങനെ, നമ്മുടെ ഇടവക എങ്ങനെ, സമൂഹം എങ്ങനെ എന്നുള്ള ചിന്തകൾ നമ്മെ ശക്തിപ്പെടുത്തണം.

അതിന് ജീവിതത്തിന് ഒരു ക്രമം ഉണ്ടാകണം. ജീവിതവിശുദ്ധി, പ്രാർത്ഥന, മനുഷ്യസ്നേഹം എന്നീ വേരുകളിൽ ഉറച്ചുനിൽക്കുന്ന ഓർത്തഡോക്സ് ആദ്ധ്യാത്മികത നമ്മിൽ ഓരോരുത്തരിലും, അനുഭവവേദ്യമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്, സ്നേഹാദരങ്ങളോടെ,

ജിജു അച്ചൻ ■

## കുടുംബ വിശേഷങ്ങൾ

### വിവാഹം



കലൂർ കോലത്തുപറമ്പിൽ ശ്രീ. വർഗ്ഗീസ് ഏബ്രഹാമിന്റെയും, ശ്രീമതി സാറാ വർഗ്ഗീസിന്റെയും മകൻ **ഏബ്രഹാം വർഗ്ഗീസും** (Abin), (Grandson of Late K.V Abraham & Mrs Mariyamma Abraham), തിരുവനന്തപുരം NCC Road, ഐവേലിക്കുഴിയിൽ ശ്രീ. തോമസ് ഡാനിയേലിന്റെയും ശ്രീമതി അന്ന തോമസിന്റെയും മകൾ **രശ്മ കെ. തോമസും** തമ്മിലുള്ള വിവാഹം 24-10-2016 ൽ കത്തീഡ്രലിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

### വിശേഷ ദിവസങ്ങൾ

| | | |
|---|---|---|
| **നവംബർ** | 08 ചൊവ്വ | പ.ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവയുടെ ഓർമ്മ (ദേവലോകം) |
| | 13 ഞായർ | സക്കറിയായോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച |
| | 20 ഞായർ | വി. ദൈവമാതാവിനോടുള്ള അറിയിപ്പ് |
| | 27 ഞായർ | എലിസബേത്തിന്റെ അടുക്കലേക്ക് മറിയാമിന്റെ യാത്ര (വനിതാ ദിനം) |
| **ഡിസംബർ** | 01 വ്യാഴം | ഇരുപത്തിയഞ്ചു നോമ്പാരംഭം |
| | 04 ഞായർ | യൂഹാനോൻ മംദാനയുടെ ജനനം |

### വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Nov. 13 - 07.00 am, Nov. 20 - 10.00 am, Nov. 27 - 07.00 am, Dec. 04 - 10.00 am |
| സെമിത്തേരിമുക്ക് ചാപ്പൽ: | Nov. 20 - 07.30 am, Dec. 04 - 07.30 am |

എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am





# കത്തീഡ്രൽ നവതിയുടെ സമാപന സമ്മേളനം













ഒരു വർഷത്തെ നവതിയാഘോഷങ്ങളുടെ സമാപനസമ്മേളനം ഒക്ടോബർ 29-ാം തീയതി ശനിയാഴ്ച നടന്നു. പരിശുദ്ധ ബസേലിയോസ് മാർതോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ബാവ "ബോട്ടുജെട്ടി പള്ളിയിലെ പോളച്ചൻ" ആയിരുന്നപ്പോഴത്തെ ഓർമ്മകൾ സദസുമായി പങ്കുവയ്ക്കുകയുണ്ടായി. എറണാകുളത്തുള്ള പാസ്പോർട്ട് ഓഫീസ്, ഹൈക്കോടതി, എയർപോർട്ട് എന്നിവ പ്രയോജനപ്പെടുത്താൻ സഭാംഗങ്ങൾക്കും, വൈദികർ, സഭാ മേലധ്യക്ഷന്മാർ എന്നിവർക്കും കത്തീഡ്രൽ നൽകുന്ന സഹായങ്ങളും ബാവാ അനുസ്മരിച്ചു. നാം നടത്തുന്ന ജീവകാരുണ്യപ്രവർത്തനങ്ങളെയും ബാവാ പ്രകീർത്തിച്ചു പറഞ്ഞു.

പല മഹാരഥന്മാരെയും സംഭാവന ചെയ്തിട്ടുള്ള കത്തീഡ്രൽ നഗരം വളരുന്നതനുസരിച്ച് വളരുവാൻ ശ്രമിക്കണമെന്ന് ഭദ്രാസന മെത്രാപ്പോലീത്ത ഡോ.യാക്കോബ് മാർ ഐറേനിയോസ് പറഞ്ഞു.

പരുമല കാൻസർ സെന്ററിൽ ഒരു വാർഡ് നിർമ്മാണത്തിന് 25 ലക്ഷം രൂപയുടെ ചെക്ക് ട്രസ്റ്റി ഡാനിയേൽ ഉമ്മൻ ഇടവകയ്ക്കുവേണ്ടി പരിശുദ്ധ ബാവായെ ഏൽപ്പിച്ചു.

നവതിയാഘോഷത്തിന്റെ ഭാഗമായി ഇടവക നിർമ്മിച്ചു നൽകുന്ന രണ്ടു വീടുകളുടെ താക്കോൽ കോർപ്പറേഷൻ മേയർ ശ്രീമതി സൗമിനി ജയിൻ കൈമാറി.

നവതി സ്മരണിക പരിശുദ്ധ കാതോലിക്കാ ബാവ, ഇടവക മെത്രാപ്പോലീത്തയ്ക്ക് നൽകി പ്രകാശനം ചെയ്തു. കൂടാതെ 2017 ജനുവരി 29 ന് നടക്കുവാൻ പോകുന്ന **മെൽത്തുസോ 2017 (സിംഫണി)** ന്റെ ബ്രോഷർ പരിശുദ്ധ കാതോലിക്കാ ബാവായും അഭി. ഐറേനിയോസ് തിരുമേനിയും കൂടി നിർവ്വഹിക്കുകയുണ്ടായി.

വികാരി ഫാ. ജിജു വർഗ്ഗീസ്, ജസ്റ്റീസ് സുരേന്ദ്രമോഹൻ, ജസ്റ്റീസ് ഷാജി പി. ചാലി, പ്രൊഫ. കെ.വി. തോമസ് എം.പി., ശ്രീ. ഹൈബി ഈഡൻ എം.എൽ.എ., ഫാ. സൈമൺ ജോസഫ് എന്നിവർ പ്രസംഗിച്ചു. ഫാ. ഒ.വി. ഏലിയാസ്, ഫാ. ബിജു എബി മാത്യൂസ്, ഫാ. പോൾ ജോർജ്ജ്, ട്രസ്റ്റി ശ്രീ. ഡാനിയേൽ ഉമ്മൻ, സെക്രട്ടറി ശ്രീ. ഫിലിപ്പോസ് എന്നിവർ സ്റ്റേജിൽ ഉപവിഷ്ടരായിരുന്നു.



















*(ഇടയലേഖനം തുടർച്ച)*

അന്തിമവിജയം നന്മയ്ക്കുതന്നെ ആയിരിക്കുമെന്നു സാരം. അതു നടപ്പാകുന്നതുവരെ, നന്മ, ഉപദ്രവവും പരിഹാസവുമേൽക്കേണ്ടി വന്നേക്കാമെന്ന് സുവിശേഷം പഠിപ്പിക്കുന്നു (മത്തായി 13: 24-43). ഇക്കാലത്തും ഇത് പ്രസക്തമാണ്. തിന്മയും അനീതിയും സ്ഥാപനവൽക്കരിക്കപ്പെട്ടിരിക്കുന്ന ഈ കാലത്ത്, നന്മയുടെ പ്രകാശം നിലനിൽക്കേണ്ട സ്ഥാനങ്ങളിൽ അധർമ്മമാകുന്ന അന്ധകാരത്തിന്റെ വിളയാട്ടം നടുക്കമുളവാക്കുന്നതാണ്. "കള്ളക്രിസ്തുക്കൾ" ഉണ്ടാകുമെന്നും, "ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധസ്ഥലത്തു നിൽക്കുമെന്നുമുള്ള ലോകരക്ഷകന്റെ മുന്നറിയിപ്പ് ഇവിടെ സ്മരണീയമാണ്. "ധർമ്മിഷ്ഠരും സന്മാർഗ്ഗികളുമായവർക്കുപോലും ചിന്താക്കുഴപ്പമുണ്ടാക്കുന്ന ഇത്തരം സാഹചര്യങ്ങളിൽ ഭഗ്നാശരാകരുതെന്നാണ് ഇതു നൽകുന്ന പാഠം. ഇവ ഒരു ദു:സ്വപ്നംപോലെ, ഉറക്കമുണർന്നു കഴിഞ്ഞാൽ സ്വപ്നമെവിടെ?

ഉണരുമ്പോൾ ഒരു സ്വപ്നത്തെപ്പോലെ

കർത്താവേ, നീ ഉണരുമ്പോൾ അവരുടെ രൂപത്തെ തുച്ഛീകരിക്കും (സങ്കീ. 73: 20)

പീഢനങ്ങളും പരിഹാസങ്ങളും നീതിനിഷേധവുമെല്ലാം ഇനിയും ഉണ്ടാകും. അങ്ങനെ സാത്താൻ സന്തോഷിക്കും. എന്നാൽ ദൈവത്തിന്റെ ന്യായവിധിയിൽ ഇതെല്ലാം തകർന്നടിയും; കാരണം, "പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽനിന്നും ഇറക്കി താണവരെ ഉയർത്തു"ന്നവനാണ് ദൈവം (ലൂക്കോ 1:52)

അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ ഭാഗ്യവാൻ! ■

*(എഡിറ്റോറിയൽ തുടർച്ച)*

യില്ല. എന്നാൽ നമ്മുടെ കത്തീഡ്രലിൽനിന്നു നമുക്കു കിട്ടിയ നൽവരങ്ങൾ അവരുടെ മനസ്സിലേക്കു കടത്തിവിടുവാൻ നമുക്കു സാധിച്ചാൽ സെന്റ് മേരീസ് കത്തീഡ്രലിന്റെ നവതിയാഘോഷവേളയിൽ "സെന്റ് മേരി" സന്തോഷിക്കുമെന്നുറപ്പ്. തന്നെയുമല്ല; നാം ചെയ്തിട്ടുള്ള സമൂഹനന്മകൾ എല്ലാംതന്നെ വിസ്മരിക്കപ്പെടാതെ പുതുതലമുറയിലേക്ക് കൈമാറിക്കൊണ്ടിരിക്കുകയും, അവർ അത് ഏറ്റെടുത്ത് തുടരുകയും ചെയ്യും. കത്തീഡ്രലിന്റെ നവതിയാഘോഷം നന്നായിരുന്നു എന്നാരെങ്കിലും പറഞ്ഞാൽ നാം ധരിക്കേണ്ടത് ഇക്കാലമത്രയും കത്തീഡ്രൽ ഇടവകക്കാരുടെ സമൂഹത്തിലുള്ള ഇടപെടലുകളും ആവശ്യക്കാർക്ക് സഹായഹസ്തങ്ങൾ നീട്ടിയതിലുള്ള അംഗീകാരത്തിനുമായിരുന്നു ആ പ്രശംസ എന്നാണ്.

ശതാബ്ദിയാഘോഷത്തിനു മുമ്പുള്ള അടുത്ത പത്തുവർഷത്തെ കത്തീഡ്രലിന്റെ തീരുമാനങ്ങളും, പ്രവർത്തികളും നന്മക്കായി തീരട്ടെയെന്നും, ഇതിന്റെ പതിന്മടങ്ങ ആഘോഷമായി ശതാബ്ദി വർഷം ആചരിക്കുവാൻ നമുക്ക് സാധിക്കട്ടെയെന്നും പ്രാർത്ഥിക്കാം. ഒരു സമൂഹത്തിന്റെ സുഗമമായ നിലനില്പ് അവർ ചെയ്യുന്ന സൽപ്രവർത്തികളെ മാത്രമാണാശ്രയിച്ചിരിക്കുന്നത്. ഇതു മനസ്സിലാക്കുവാനും, പ്രാബല്യത്തിൽ വരുത്തുവാനും കഴിയുന്നവർ നയിക്കുന്ന ഒരു പ്രസ്ഥാനവും മോശമാകുകയില്ല. കുറെ നല്ല മനസ്സുള്ളവർ തുടങ്ങിവച്ച സെന്റ് മേരീസ് കത്തീഡ്രലും, മെട്രോ നഗരമായ എറണാകുളത്തിന് എന്നും ഒരു തിലകക്കുറിയായി പരിലസിക്കുമെന്ന് നമുക്കാശിക്കാം. ■

# കുരിശിൻതൊട്ടി, കൊമേഴ്സൽ കോംപ്ലക്സ് കൂദാശ













എളംകുളം ജംഗ്ഷനിലുള്ള പുനർനിർമ്മിച്ച കുരിശിൻതൊട്ടിയുടെയും, കൊമേഴ്സ്യൽ കോംപ്ലക്സ് സെന്റ് മേരീസ് ടവ്വറിന്റെയും കൂദാശകർമ്മം ഒക്ടോബർ 30-ാം തീയതി ഞായറാഴ്ച വൈകിട്ട് 4 മണിക്ക് ഭദ്രാസനമെത്രാപ്പോലീത്ത അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനി നിർവ്വഹിക്കുകയുണ്ടായി. റവ. ഫാ. ഓ.വി. ഏലിയാസ്, റവ.ഫാ. ജിജു വർഗ്ഗീസ്, റവ.ഫാ. എബി മാത്യൂസ്, റവ. ഫാ. സൈമൺ ജോസഫ് എന്നീ വൈദികർക്കൊപ്പം ഇടവകാംഗങ്ങളും സംബന്ധിച്ചു.

## നവതിയോടനുബന്ധിച്ച് പ്രമുഖരെ ആദരിക്കൽ

കത്തീഡ്രൽ നവതിയോടനുബന്ധിച്ച് ഇടവകയിലെ 80 വയസിനു മുകളിലുള്ളവരെയും, കത്തീഡ്രലിന്റെ ആരംഭകാലംമുതൽ കത്തീഡ്രലിൽ സേവനമനുഷ്ടിച്ചിട്ടുള്ള വൈദികരെയും ഒക്ടോബർ 9-ാം തീയതി പ്രത്യേകമായി ആദരിച്ചു. യാത്ര ചെയ്യുവാൻ ആരോഗ്യം അനുവദിക്കാത്ത കുറച്ചുപേരൊഴികെ എല്ലാവരും ഇതിൽ സംബന്ധിച്ചിരുന്നു.

അഭി.യൂഹാനോൻ മാർ പോളിക്കാർപ്പോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കത്തീഡ്രൽ ഹാളിൽ





നടന്ന സമ്മേനളനത്തിൽ 80 വയസ്സുകഴിഞ്ഞ ഇടവകാംഗങ്ങൾക്കും, കത്തീഡ്രലിൽ സേവനമനുഷ്ടിച്ചിട്ടുള്ള എല്ലാ വൈദികർക്കും പൊന്നാടയും, ഫലകവും സമ്മാനിക്കുകയും ചെയ്തു. ഈ സമ്മാനവും, ഫലകവും സ്വീകരിച്ചവരുടെ കൂട്ടത്തിൽ അഭി. പോളിക്കാർപ്പോസ് തിരുമേനിയും, ബഹു. ടി. ജെ. ജോഷുവ അച്ചനും ഉൾപ്പെട്ടിരുന്നു. ചടങ്ങ് അത്യന്തം ഹൃദയസ്പർശിയായിരുന്നു.









## പരുമല തിരുമേനിയുടെ ഓർമ്മപെരുന്നാൾ

ഒക്ടോബർ 30-ാം തീയതി പരുമല തിരുമേനിയുടെ പെരുന്നാൾ എളംകുളം മാർ ഗ്രിഗോറിയോസ് ചാപ്പലിൽ പൂർവ്വാധികം ഭംഗിയായി സൈമണച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ നടന്നു. ഇത്തവണത്തെ പെരുന്നാൾ ഏറ്റു നടത്തിയത് ശ്രീ. സി.എം. ചാക്കുണ്ണിയും കുടുംബവുമായിരുന്നു. വിശുദ്ധ കുർബ്ബാനാനന്തരം നേർച്ചവിളമ്പും, സഹോദരൻ അയ്യപ്പൻ റോഡുവരെ റാസയും പ്രഭാത ഭക്ഷണവും ഉണ്ടായിരുന്നു.











### പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area) 06-11-2016 - 4 pm**
ശ്രീമതി **അമ്മിണി മാത്യു**
കാഞ്ഞിരത്തുംമൂട്ടിൽ
അശോക റോഡ്, കലൂർ
Ph: 2531061, Mob: 8547411061

**St. Marys Unit (Central Area) 13-11-2016 - 4 pm**
ശ്രീ. **ഐസക് പി.കെ.**
പഴയിടത്ത്, ചർച്ച്ലാന്റിംങ്
ക്രോസ് റോഡ്, എറണാകുളം
Ph: 2351100, Mob: 9447303247

**St. Thomas Unit (North-Pachalam Area) 20-11-2016 - 4 pm**
ശ്രീ. **റേച്ചൽ മാത്യു**
മാടത്തുവെളിയിൽ കണ്ടത്തിൽ,
വെൽക്കംറോഡ്, അയ്യപ്പൻകാവ്
Ph: 2393690, Mob: 9447023690

**St. Gregorios Unit (Elamkulam - Kadavanthra Area) 27-11-2016 - 4 pm**
ശ്രീ. **കെ.ജെ. ഐസക്**
കാഞ്ഞിരക്കാട്ട് ഹൗസ്
കെ.പി. വള്ളോൻറോഡ്,
കടവന്ത്ര, Mob: 9995895759






Editorial Board : K.K. George (94470 40484), V.N. Philipose, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 10 ISSUE : 11 NOVEMBER 2016

എഡിറ്റോറിയൽ

## ബോട്ടുജെട്ടി പള്ളി നവതിയുടെ നിറവിൽ

ദൈവം അഥവാ ദേവൻ വസിക്കുന്ന സ്ഥലം. ദൈവത്തെ ആരാധിക്കുവാനും, ദൈവത്തോടു സംസാരിക്കുവാനും ദൈവത്തിൽനിന്നും കേൾക്കുവാനും, മനസ്സിന്റെ ഭാരങ്ങൾ ഇറക്കിവയ്ക്കുവാനും, മനുഷ്യസ്നേഹം പുലർത്തുവാനും, ദേവാലയം ഉദ്ദേശിക്കപ്പെടുന്നു". പ. മോറോൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ നമ്മുടെ നവതിയാഘോഷത്തിന്റെ സമാപനസമ്മേളനത്തിനുവേണ്ടി തയ്യാറാക്കിയ "എന്റെ എറണാകുളം പള്ളിയമ്മ" എന്ന ലഘുലേഖയിൽ നിന്നുള്ളതാണ് മേൽപറഞ്ഞ വാചകം. ഇതിൽ ഒരു ചെറിയ തിരുത്തു വരുത്തുവാൻ കത്തീഡ്രൽ അംഗങ്ങളായ പലർക്കും സാധിക്കും. വാചകത്തിലെ അവസാന വാക്കുകളായ "ദേവാലയം ഉദ്ദേശിക്കപ്പെടുന്നു" എന്നുള്ളതു മാറ്റി "സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഉപകരിക്കപ്പെടുന്നുണ്ട്" എന്നുള്ളതാണ് ആ മാറ്റം. പലതരത്തിലുള്ള ആളുകൾ ദിവസവും പള്ളിയിൽ വന്നിരുന്ന് പ്രാർത്ഥിച്ചിട്ടുപോകുന്നതു കാണുമ്പോൾ നാമെല്ലാവരും മനസ്സുകൊണ്ട് അതിൽ സന്തോഷിക്കണം. ഇതിനുമുൻപുണ്ടായിരുന്ന കേരള ചീഫ് സെക്രട്ടറി ജിജി തോംസൺ പറഞ്ഞ ഒരു അഭിപ്രായം മറ്റാരുടെയും കോപ്പിയടിച്ചതായിരുന്നില്ല. അദ്ദേഹം പറഞ്ഞത് "ഈ കത്തീഡ്രലിലേക്കു പ്രവേശിക്കുമ്പോൾ ദൈവസന്നിധിയിലേക്കു പ്രവേശിക്കുന്ന ഒരനുഭവം ഉണ്ടാകുന്നു" എന്നാണ്. ഈ ഒരേയൊരു അഭിപ്രായം നിലനിർത്താൻ നമുക്കു സാധിച്ചാൽ കഴിഞ്ഞ തൊണ്ണൂറുവർഷം ഈ കത്തീഡ്രലിനായി പ്രവർത്തിച്ചിട്ടുള്ള എല്ലാവരെയും ദൈവം അനുഗ്രഹിക്കുകയും ഇടവകാംഗങ്ങൾ ഉയർച്ചയിലേക്കു കുതിക്കുകയും ചെയ്യും.

ദേവാലയത്തിനുവേണ്ടി നാം ചെയ്ത നല്ല കാര്യങ്ങൾ നമ്മുടെ പുതിയ തലമുറ കണ്ടുപഠിക്കുവാനും അതനുസരിച്ച് മുൻപോട്ടുള്ള അവരുടെ ജീവിതം ക്രമപ്പെടുത്തുവാനും കഴിയണം. നമ്മുടെ കൊച്ചുമക്കൾ ലോകത്തിൽ എവിടെയായിരുന്നാലും അവർ വളരുന്നത് കത്തീഡ്രലിൽ നിന്നു പഠിച്ച പാതയിലൂടെയായിരിക്കണം.

നല്ലൊരു കല്ലറ തീർത്ത് അതിൽ അങ്ങേയറ്റം ചിലവു ചെയ്ത് എഴുതിവയ്ക്കുന്ന വാചകങ്ങൾ വല്ലപ്പോഴുമെങ്കിലും വായിക്കുവാൻ, ഭൂലോകത്തിൽ എവിടെയെങ്കിലുമുള്ള സ്വന്തം മക്കൾക്കുപോലും സാധിച്ചെന്നു വരുക

*(ശേഷം 4-ാം പേജിൽ)*

ഇടയ ലേഖനം

## ദുഷ്ടതയുടെ അന്ത്യം

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത



"ദുഷ്പ്രവൃത്തിക്കാരുടെ നിമിത്തം നീ മുഷിയരുത്" (സങ്കീ 37: 1)

സാമാന്യമായ സത്യ-നീതി നിഷ്ഠരായ മനുഷ്യരുടെ മനസ്സിൽ പൊന്തിവരുന്ന ഒരു വികാരുമുണ്ട്: അധർമ്മിയും ദുഷ്ടനും ഉയർന്നുപൊങ്ങി നിൽക്കുകയും, നീതിനിഷ്ഠരായവരെ ഉപദ്രവിക്കുകയും ചെയ്യുന്നതെന്ത്? ഇതിനൊരറുതിയില്ലേ?

"എന്നാൽ ഞാൻ എന്റെ ഹൃദയത്തെ ശുദ്ധീകരിച്ചതും, എന്റെ കൈകളെ കുറ്റമില്ലായ്മയിൽ കഴുകിയതും വ്യർത്ഥമത്രെ" (സങ്കീ. 73:13)

ഈ ലോകത്ത് നന്മയും തിന്മയും കൂടിക്കുഴഞ്ഞു കാണപ്പെടുന്നു. പലയിടത്തും തിന്മയ്ക്കാണ് മേൽക്കൈ. ധനവും അധികാരവുമാർജ്ജിച്ച് അവ നിർത്താൻ തിന്മ എന്തധർമ്മവും പ്രവർത്തിക്കും; ഏതറ്റംവരെയും പോകും. എന്നാൽ നന്മയ്ക്ക് അങ്ങനെയാകാനൊക്കുകയില്ലല്ലൊ. ദുഷ്ടന്മാർ ദൈവത്തെപ്പോലും വെല്ലുവിളിക്കും. "അത്യുന്നതന് അറിവുണ്ടോ? എന്ന് അവർ പറയുന്നു"(സങ്കീ. 73:11). ഭൂമിയിൽ ന്യായം വിധിക്കുന്ന ഒരു ദൈവമുണ്ട്, സത്യം; എന്നാൽ ആ ന്യായം സ്ഥാപിക്കപ്പെടുന്നതിന് എത്രനാൾ കാത്തിരിക്കണം.

അധർമ്മത്തിലൂടെ തിന്മപ്പെട്ടവരുടെയും പീഢനത്തിൽ ഞെരുങ്ങുന്ന സത്യാന്വേഷികളുടെ വിലാപമാണ് മേൽ വിവരിച്ചത്. തിന്മ കൈയ്യാളുന്നവർക്ക് പണവും അധികാരവുമുണ്ടാകുമെന്നു മാത്രമല്ല; ഇന്ന് തിന്മ മതത്തിന്റെയും ആന്തരീകതയുടെയും പരിവേഷമണിഞ്ഞാണ് സത്യനിഷ്ഠരായവരെ ഉപദ്രവിക്കുന്നതും. വി. ഗ്രന്ഥം നൽകുന്ന പാഠം ശ്രദ്ധേയമാണ്. തിന്മയുടെ ഈ താണ്ഡവം താൽക്കാലികമാണ്. അതിന്റെ മൗലികതയും, സത്യവും നീതിയും പുന:സ്ഥാപിക്കപ്പെടും. ഹിന്ദുമത മൗലികചിന്തയിലും ഈ വിളംബരം കാണുന്നുണ്ട്; ധർമ്മത്തിനു ഗ്ലാനി സംഭവിക്കുമ്പോഴെല്ലാം ധർമ്മം പുനസ്ഥാപിക്കുന്നതിന് ഈശ്വരൻ അവതാരം ചെയ്യുന്നു എന്നതാണ് ആ ചിന്തയുടെ സാരം. അധർമ്മത്തിന്റെ താൽക്കാലികാവസ്ഥയെപ്പറ്റി വി. ഗ്രന്ഥം ഊന്നിപ്പറയുന്നുണ്ട്. "കുറഞ്ഞോന്നു കഴിഞ്ഞിട്ട് ദുഷ്ടൻ ഇല്ല, നീ അവന്റെ ഇഷ്ടം സൂക്ഷിച്ചു നോക്കും; അവനെ കാണുകയില്ല. തിന്മയ്ക്ക് നിലനിൽപ്പില്ലെന്നും,

*(ശേഷം 4-ാം പേജിൽ)*